(ബി) എങ്കിൽ ഏതെല്ലാം ആശുപത്രികളാണ് ഈ സംവിധാനമൊരുക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) താനൂർ നിയോജകമണ്ഡലത്തിലെ ഏത് ആശുപത്രിയിലാണ് സ്പെഷ്യാലിറ്റി സംവിധാനം ഒരുക്കുന്നതെന്നും ഏതെല്ലാം സ്പെഷ്യാലിറ്റി സംവിധാനമാണ് ഇവിടെ സജ്ജമാക്കുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ 154 സർക്കാർ ആശുപത്രികളിലാണ് പ്രസ്തുത സംവിധാനമൊരുക്കാൻ ഉത്തരവായിട്ടുള്ളത്. ആശുപത്രികളുടെ പട്ടിക അനുബന്ധം-1 ആയി ഇതോടൊപ്പം വയ്ക്കുന്നു.

(സി) താനൂർ ബ്ലോക്കിലെ താനൂർ സി.എച്ച്.സി. യെയാണ് സ്പെഷ്യാലിറ്റി സംവിധാനം ഒരുക്കുന്നതിനായി സ.ഉ.(സാധാ.)നമ്പർ.1669/2014/ആ.കു.വ തീയതി 26-5-2014 പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ഈ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

രോഗികൾക്ക് എതിരെയുള്ള അക്രമം തടയാൻ നടപടി

40 (6745) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആശുപത്രികളിൽ ചികിത്സയ്ക്കായി പ്രവേശിക്കപ്പെട്ട രോഗികൾക്കെതിരെ അക്രമവും അതിനെത്തുടർന്ന് മരണവുമുണ്ടാകുന്ന സാഹചര്യത്തിൽ രോഗികളുടെയും കുട്ടിരിപ്പുകാരുടെയും ജീവനക്കാരുടെയും സുരക്ഷയ്ക്കായി പ്രത്യേക സുരക്ഷാക്രമീകരണങ്ങൾ സ്വീകരിക്കാൻ നടപടിയെടുക്കുമോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ആരോഗ്യ വകുപ്പിനു കീഴിലുള്ള സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി പ്രവേശിക്കപ്പെടുന്ന രോഗികൾക്കെതിരെയുള്ള അക്രമവും അതിനെ തുടർന്നുള്ള മരണവും ആവർത്തിക്കാതിരിക്കാനും രോഗികളുടെ സുരക്ഷയ്ക്കും പ്രാവർത്തികമാക്കേണ്ട കർശന നിർദ്ദേശങ്ങൾ ആരോഗ്യവകുപ്പ് ഡയറക്ടർ എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും നൽകിയിട്ടുണ്ട്.

തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഇരട്ടക്കൊലപാതകം

41 (6746) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-6-2014-ൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒൻപതാം വാർഡിൽ നടന്ന ഇരട്ടക്കൊലപാതകവുമായി ബന്ധപ്പെട്ട്

LIBRARY ARCHIVES Kerala Legislative Assembly